## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 992

29.9..2011 ൽ മറുപടിയ്ക്ക്

## കൃഷ്ണഗിരി എസ്റ്റേറ്റിലെ ഭൂമി സംബന്ധിച്ച കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| എ) | വയനാട് ജില്ലയിലെ കൃഷ്ണഗിരി എസ്റ്റേറ്റിലെ 14 ഏക്കർ സർക്കാർ ഭൂമിയുമായി ബന്ധപ്പെട്ട് നിയമസഭാംഗം ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് സംബന്ധിച്ചുള്ള കോടതി വിധിയുടെ പകർപ്പ് റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; വിധിയുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; | എ) | ഉണ്ട്. 6.7.2011 ന് ജില്ലാ റവന്യൂ ഭരണകൂടത്തിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിധിയുടെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്. |
| ബി) | സുൽത്താൻ ബത്തേരി സബ്കോടതിയിൽ നിലനില്ക്കുന്ന ഒ.എസ് 142/07 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് മേല്പറഞ്ഞ കേരള ഹൈക്കോടതി വിധി പ്രകാരമുള്ള മേൽ നടപടിയ്ക്ക് തടസ്സമാകുന്നുണ്ടോ; എങ്കിൽ അത് എപ്രകാരമാണെന്ന് വിശദമാക്കാമോ; | ബി) | സുൽത്താൻ ബത്തേരി സബ് കോടതിയുടെ ഒ.എസ് 142/07 നമ്പർ കേസ്സിൽ ഐ.എ.1023/07 നമ്പർ പ്രകാരം അന്യായത്തിൽ തീർപ്പാകുന്നതുവരെ കൈവശം ഒഴിപ്പിക്കുവാൻ പാടില്ല എന്ന ഉത്തരവ് ജില്ലാ കോടതി ശരിവച്ചിട്ടുള്ളതും 6 മാസത്തിനുള്ളിൽ സബ് കോടതിയിലെ കേസ്സ് തീർപ്പാക്കാൻ ഉത്തരവായിട്ടുള്ളതുമാണ്. ആയതിനാൽ മേൽ സബ് കോടതി വിധി നിലനിൽക്കേ ഹൈക്കോടതി വിധി നടപ്പിലാക്കാൻ കഴിയുമോ എന്ന് ജില്ലാ കളക്ടർ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് സബ് കോടതി ഉത്തരവ് അസാധുവാക്കി കിട്ടാൻ നടപടി സ്വീകരിക്കണമെന്ന് അറിയിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ അഡീഷണൽ ഗവ.പ്ലീഡർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഹൈക്കോടതി വിധിപ്രകാരം സ്വീകരിക്കേണ്ട തുടർനടപടികൾ എന്തെല്ലാമാണ്; അത് സ്വീകരിക്കാതിരിക്കുന്നത് എന്ത്കൊണ്ട്? | സി) | സുൽത്താൻ ബത്തേരി താലൂക്കിൽ കൃഷ്ണഗിരി വില്ലേജിൽ ശ്രീ.എം.വി.ശ്രേയാംസ് കുമാർ (എം.എൽ.എ) അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് സ്വയം വിട്ടു കൊടുക്കുവാനും, അല്ലാത്ത പക്ഷം 3 മാസത്തിനകം ഏറ്റെടുത്ത് ഭൂരഹിതരായ ആദിവാസികൾക്ക് വിതരണം ചെയ്യുവാനുമാണ് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ സബ് കോടതി ഉത്തരവ് തടസ്സമാകുമോ എന്ന് 1.7.2011 ന് അഡ്വക്കേറ്റ് ജനറലിനോട് ജില്ലാ കളക്ടർ നിയമോപദേശം ചോദിച്ചിരുന്നു. പ്രസ്തുത നിയമോപദേശം ജില്ലാ റവന്യൂ ഭരണകൂടത്തിന് ലഭിക്കുവാൻ താമസിച്ചതാണ് വിധി നടപ്പിലാക്കുവാൻ കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.